No. CEE/5500/2017/KEAM-2018/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## KEAM-2018

## പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2018-ലെ സംസ്ഥാനത്തെ മെഡിക്കൽ & അനുബന്ധ കോഴ്സുകളിലെ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചു. പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in, www.cee-kerala.org എന്നീ വെബ്സൈറ്റുകളിൽ അലോട്ട്മെന്റ് ലിസ്റ്റ് ലഭ്യമാണ്. മെഡിക്കൽ റാങ്ക് ക്രമത്തിലുള്ള അലോട്ട്മെന്റ് ലിസ്റ്റിൽ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, കാറ്റഗറി എന്നിവ ലഭ്യമാണ്. വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **2018 ജൂലൈ 03 ഉച്ചയ്ക്ക് 12 മണി** വരെ ഓൺലൈനായി ലഭിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് മെഡിക്കൽ & അനുബന്ധ കോഴ്സുകളിലെ ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ട സീറ്റുകളിലേയ്ക്കും ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ മൈനോരിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്കും ഈ ഘട്ടത്തിൽ അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്.

www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾക്ക് **06.07.2018 രാവിലെ 9 മണി** മുതൽ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് ലഭ്യമാകുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിരിക്കും. അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ ഫീസ് **06.07.2018** മുതൽ **12.07.2018** ന് വൈകുന്നേരം **5** മണിയ്ക്കുള്ളിലായി **ഓൺലൈൻ പേയ്മെന്റ്** മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും **ഹെഡ് പോസ്റ്റ് ഓഫീസ്** മുഖാന്തിരമോ ഒടുക്കേണ്ടതാണ്. ഫീസ് ഒടുക്കാവുന്ന പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

**ഫീസ്:**

- സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ടയിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 5 ലക്ഷം രൂപ പ്രവേശന പരീക്ഷാ കമ്മീഷണർക്കും ബാക്കി തുക കോളേജിലും ഒടുക്കേണ്ടതാണ്.
- സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഗവൺമെന്റ്/മൈനോറിറ്റി ക്വാട്ടയിലും സ്വാശ്രയ ദന്തൽ കോളേജുകളിലെ ഗവൺമെന്റ്/മൈനോറിറ്റി/എൻ.ആർ.ഐ ക്വാട്ടയിലും അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 1 ലക്ഷം രൂപ പ്രവേശന പരീക്ഷാ കമ്മീഷണർക്കും ബാക്കി തുക കോളേജിലും ഒടുക്കേണ്ടതാണ്.
- മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ സർക്കാർ/എയ്ഡഡ് കോളേജുകളിലും, അഗ്രികൾച്ചർ/വെറ്റിനറി/ ഫിഷറീസ് യുണിവേഴ്സിറ്റികൾക്ക് കീഴിലുള്ള കോളേജുകളിലും അലോട്ട്മെന്റ് ലഭിച്ചവർ മുഴുവൻ ഫീസ് തുകയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.

**<u>ടോക്കൺ ഡെപ്പോസിറ്റ്</u>**

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ടോക്കൺ ഡെപ്പോസിറ്റായി **1,000/- രൂപ** മേൽപ്പറഞ്ഞ രീതിയിൽ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കിയ ശേഷം 06.07.2018 മുതൽ 12.07.2018 ന് വൈകുന്നേരം 5 മണിയ്ക്കുള്ളിലായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.

**<u>ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടുന്ന ഫീസ് ഒടുക്കിയ ശേഷം 06.07.2018 മുതൽ 12.07.2018 ന് വൈകുന്നേരം 5 മണിയ്ക്കുള്ളിലായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കിയ തുക കഴിച്ച് ബാക്കി ഫീസ് അടയ്ക്കേണ്ടതുണ്ടെങ്കിൽ അത് പ്രവേശനം നേടുമ്പോൾ കോളേജുകളിൽ ഒടുക്കേണ്ടതാണ്.</u>**

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ നിശ്ചിത സമയത്തിനകം ഫീസ് ഒടുക്കാതിരിക്കുകയോ കോളേജിൽ പ്രവേശനം നേടാതിരിക്കുകയോ ചെയ്യുന്ന പക്ഷം അവരുടെ അലോട്ട്മെന്റും ബന്ധപ്പെട്ട സ്ട്രീമിൽ നിലവിലുള്ള ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. റദ്ദാക്കപ്പെടുന്ന ഓപ്ഷനുകൾ പിന്നീടുള്ള ഘട്ടങ്ങളിൽ ലഭ്യമാകുന്നതല്ല.

ഓപ്ഷനുകൾ ക്ഷണിച്ചിരുന്ന കോളേജുകളിൽ നാല് മെഡിക്കൽ കോളേജുകളെയും [*Azeezia Institute of Medical Science and Research, Kollam (AZC), Kannur Medical College, Kannur (KNC), Dr. Somervell Memorial CSI Medical College, Karakonam, Thiruvananthapuram (SMC), SUT Academy of Medical Sciences, Vattappara, Thiruvananthapuram (SUC)*] രണ്ട് ദന്തൽ കോളേജുകളെയും [*Indira Gandhi Institute of Dental Sciences, Kothamangalam, Ernakulam (IGD), Kannur Dental College, Anjarakandy, Kannur (KAD)*] ബന്ധപ്പെട്ട യൂണിവേഴ്സിറ്റി അഫിലിയേഷൻ ലഭ്യമായിട്ടില്ലാത്തതിനാലും കാർഷിക യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള *College of Agriculture, Ambalavayal, Wayanad (COW)* എന്ന കോളേജിലേയ്ക്ക് അലോട്ട്മെന്റിന് സർക്കാർ ഉത്തരവ് ലഭിക്കാത്തതിനാലും ഒന്നാം ഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ മതിയായ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഇവയെ പിന്നീടുള്ള അലോട്ട്മെന്റിൽ ഉൾപ്പെടുത്തുന്നതാണ്.

**<u>കുറിപ്പ്</u>: 04.07.2018-ന് പ്രസിദ്ധീകരിച്ചിട്ടുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് താത്കാലികവും ബഹു. കേരള ഹൈക്കോടതിയുടെ 21686/2018 നം. റിട്ട് പെറ്റിഷനിന്മേലുള്ള അന്തിമ വിധിയ്ക്ക് വിധേയവുമായിരിക്കും.**

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104, 2332123**

തിരുവനന്തപുരം
04.07.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**